ppabdullatheef@gmail.com



പി.പി അബ്ദുല്ലത്വീഫ്

# തർക്കം ഉപേക്ഷിക്കുന്നവന് സ്വർഗത്തിൽ വീടുണ്ട്...

عَنْ أَبِي أُمَامَةَ، قَالَ: قَالَ رَسُولُ اللَّهِ ﷺ: أَنَا زَعِيمٌ بِبَيْتٍ فِي رَبَضِ الْجَنَّةِ لِمَنْ تَرَكَ الْمِرَاءَ وَإِنْ كَانَ مُحِقًّا، وَبِبَيْتٍ فِي وَسَطِ الْجَنَّةِ لِمَنْ تَرَكَ الْكَذِبَ وَإِنْ كَانَ مَازِحًا، وَبِبَيْتٍ فِي أَعْلَى الْجَنَّةِ لِمَنْ حَسُنَ خُلُقُهُ (سنن أبي داود)

അബൂ ഉമാമയിൽ നിന്ന് നിവേദനം: നബി(സ) പറഞ്ഞു: "തന്റെ പക്ഷമായിരുന്നു സത്യമെങ്കിലും തർക്കം ഒഴിവാക്കുന്നവന് സ്വർഗത്തിന്റെ കീഴ്ഭാഗത്ത് ഒരു വീടും, തമാശക്കായിരുന്നെങ്കിലും കളവ് ഉപേക്ഷിക്കുന്നവന് സ്വർഗത്തിന്റെ മധ്യഭാഗത്ത് ഒരു വീടും, സൽസ്വഭാവം സ്വീകരിച്ചവന് സ്വർഗത്തിന്റെ ഏറ്റവും മുകളിൽ ഒരു വീടും ഞാൻ ഉറപ്പുതരുന്നു." (അബൂദാവൂദ്)

ഓരോ മനുഷ്യനും അവരവരുടേതായ ചുറ്റുപാടുകളിലും അറിവിലും നിന്നാണ് വിഷയങ്ങൾ മനസ്സിലാക്കുന്നത്. അറിവും അനുഭവവും കൂടുന്നതിനനുസരിച്ച് ഇന്നലെ വരെ ശരിയെന്ന് വിശ്വസിച്ചിരുന്ന പലതും തിരുത്തപ്പെടുകയും പുതിയ ശരികളിലേക്കെത്തുകയും ചെയ്യുന്നത് നമ്മുടെ അനുഭവമാണ്. ഓരോ മനുഷ്യന്റെയും ചിന്താ, വൈജ്ഞാനിക പരിസരം ഇതര മനുഷ്യരിൽ നിന്ന് വ്യത്യസ്തമാണ്. ആ യാഥാർഥ്യം അംഗീകരിച്ചുകൊണ്ട് തന്റെ അഭിപ്രായം ശരിയാണെന്ന് വിശ്വസിക്കുന്നതോടൊപ്പം, മറ്റുള്ളവരുടെ അഭിപ്രായങ്ങളെ ശ്രവിക്കാനും മാനിക്കാനും പഠിക്കേണ്ടതുണ്ട്. തനിക്ക് ശരിയെന്ന് തോന്നുന്നതിനെ അടിച്ചേൽപ്പിക്കാൻ ശ്രമിക്കുമ്പോഴാണ് ശബ്ദമുയരുകയും വാദങ്ങളും പ്രതിവാദങ്ങളും സൃഷ്ടിക്കപ്പെടുകയും അത് ഹൃദയങ്ങൾക്കിടയിൽ വിടവുകളുണ്ടാക്കുകയും മനുഷ്യ ബന്ധങ്ങൾ തകരാൻ കാരണമായിത്തീരുകയും ചെയ്യുന്നത്.

ചിന്താ സ്വാതന്ത്ര്യത്തെയും അഭിപ്രായ സ്വാതന്ത്ര്യത്തെയും അംഗീകരിക്കുന്ന ഇസ്‌ലാമിൽ സത്യമാണെന്ന് ബോധ്യമുള്ള സംഗതിയാണെങ്കിലും അതിനെ അടിച്ചേൽപ്പിക്കാൻ ഒരാൾക്കും ബാധ്യതയില്ലെന്നാണ് ഈ നബിവചനം പഠിപ്പിക്കുന്നത്. അത്തരത്തിലുള്ള തർക്കം ഉപേക്ഷിക്കുന്നു എന്ന കാരണത്താൽ തന്നെ വിശ്വാസി സമൂഹത്തിന് സ്വർഗത്തിന്റെ കീഴ്ഭാഗത്ത് ഒരുവീട് പ്രവാചകൻ ഉറപ്പുതരുന്നു.

ദുഃസ്വഭാവങ്ങളിൽ വളരെ കണിശമായി ഇസ്‌ലാം വിലക്കിയതാണ് കളവ്. എല്ലാ തെറ്റുകളുടെയും തുടക്കം കളവായിരിക്കും. നബി(സ) താക്കീതു നൽകി: "നിങ്ങൾ കളവിനെ സൂക്ഷിക്കുക. നിശ്ചയം കളവ് തിന്മയിലേക്കാണ് നയിക്കുക. തിന്മ നരകത്തിലേക്കും. കളവ് പറഞ്ഞുകൊണ്ടിരിക്കുന്ന ഒരു മനുഷ്യനെ കള്ളൻ എന്ന് അല്ലാഹുവിന്റെ അടുക്കൽ രേഖപ്പെടുത്തപ്പെടും" (ബുഖാരി, മുസ്‌ലിം).

തമാശയായിട്ടാണെങ്കിലും കളവ് പറയുന്നത് ഇസ്‌ലാം വിലക്കി. നബി(സ) പറഞ്ഞു: "സമൂഹത്തെ ചിരിപ്പിക്കാൻ കളവുപറയുന്നവന് നാശം, പിന്നെയും അവന് നാശം, പിന്നെയും അവന് നാശം."

മൂന്നാമത് പറഞ്ഞത് സൽസ്വഭാവത്തെയും അതിനുള്ള പ്രതിഫലത്തെയും കുറിച്ചാണ്. 'നന്മ പ്രവർത്തിക്കലും, തിന്മ തടയലും, മുഖപ്രസന്നതയുമാണ് സൽസ്വഭാവമെന്നാണ് ഹസനുൽ ബസ്വരി പറഞ്ഞത്. വിനയം, വിവേകം, വിട്ടുവീഴ്ച, ഔദാര്യം, സഹനം, നന്ദി, സത്യസന്ധത, തുടങ്ങി മനുഷ്യന്റെ എല്ലാ ഉൽകൃഷ്ട ഗുണങ്ങളും സൽസ്വഭാവമാണ്.

'വിശ്വാസം പരിപൂർണതയിലെത്തിയവർ സൽസ്വഭാവം കൈക്കൊണ്ടവരാണ്' (അഹ്മദ്, അബൂദാവൂദ്) എന്ന നബി വചനം തന്നെ മതി വിശ്വാസിയുടെ ജീവിതത്തിൽ സൽസ്വഭാവത്തിനുള്ള സ്ഥാനമെന്തെന്ന് അറിയാൻ. 'സൽസ്വഭാവത്തെക്കാൾ ത്രാസിൽ കനം തൂങ്ങുന്ന ഒന്നും വെക്കപ്പെടാനില്ല. സൽസ്വഭാവത്തിന്റെ ഉടമ നമസ്കരിക്കുന്നവന്റെയും വ്രതമനുഷ്ഠിക്കുന്നവന്റെയും തലത്തിലാണുള്ളത്' (തിർമിദി, അബൂദാവൂദ്) എന്നും, 'അന്ത്യദിനത്തിൽ അല്ലാഹു ഏറ്റവും ഇഷ്ടപ്പെടുന്നവരും അവന്റെ സാമീപ്യം ലഭിക്കുന്നവരും വിശ്വാസികളിൽ ഏറ്റവും ഉൽകൃഷ്ട സ്വഭാവത്തിനുടമകളായിരിക്കും' എന്നും നബി അനുചരന്മാരെ പഠിപ്പിച്ചിട്ടുണ്ട്.

മനുഷ്യബന്ധങ്ങളുടെ ഹൃദ്യതക്കും ഊഷ്മളതക്കും ഇസ്‌ലാം വളരെയേറെ പ്രാധാന്യം കൊടുക്കുന്നു. ഒരു വിശ്വാസി തന്റെ ആരാധനാ കർമങ്ങളിൽ എത്രമാത്രം നിഷ്കർഷ പാലിക്കാൻ ശ്രമിക്കുന്നുണ്ടോ അതുപോലെ തന്റെ പെരുമാറ്റങ്ങളും, സ്വഭാവവും ഹൃദ്യമാക്കാനും പരിശ്രമിക്കേണ്ടതുണ്ട്. വിശ്വാസത്തിന്റെ സൗന്ദര്യം ഭൂമിയിൽ മനുഷ്യർക്ക് അനുഭവവേദ്യമാകേണ്ടത് വിശ്വാസിയുടെ ഉൽകൃഷ്ട സ്വഭാവത്തിലൂടെയാവണം. സ്വഭാവം മോശമാണെങ്കിൽ അയാൾ പ്രതിനിധീകരിക്കുന്ന ഇസ്‌ലാമിന്റെ ചിത്രം വളരെ വികൃതമായിരിക്കും. അത്തരം 'ഇസ്‌ലാമി'നെ മനുഷ്യർ വെറുക്കുന്നു.

നബി ഇങ്ങനെ പ്രാർഥിക്കാറുണ്ടായിരുന്നു: "അല്ലാഹുവേ നീ എന്നെ ഏറ്റവും നല്ല സ്വഭാവത്തിലേക്ക് നയിക്കേണമേ, നീയല്ലാതെ ഏറ്റവും നല്ലതിലേക്ക് വഴികാണിക്കുന്നവനായി ആരുമില്ല. അതിന്റെ വൃത്തികേടിൽ നിന്ന് എന്നെ നീ തിരിച്ച് കളയണമേ, നീയല്ലാതെ അതിന്റെ വൃത്തികേടിൽ നിന്ന് തിരിച്ചുകളയുന്നവനായും ആരുമില്ല" (മുസ്‌ലിം). ■